DWCD/720/2022-ICDSA1

വനിതശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :17-11-2022
Email -
directorate.wcd@kerala.gov.in
Phone : 0471 – 2346534

## പരിപത്രം

വിഷയം: വനിത ശിശുവികസന വകുപ്പ് -അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി - 2022-23 സാമ്പത്തിക വർഷത്തെ തുക വിനിയോഗം ഇ- ജീവിക സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയുടെ പ്രതിമാസ ചെലവ് വിവരം കീഴ് കാര്യാലയങ്ങളിൽ നിന്നും ഇ-ജീവിക സോഫ്റ്റ് വെയർ മുഖേന ശേഖരിച്ച് കേന്ദ്ര സർക്കാരിന് ത്രൈമാസ റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകി വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം നടപ്പ് സാമ്പത്തിക വർഷം മുതൽ PFMS മുഖേന നടപ്പിലാക്കുന്നതിനാൽ 2235-02-102-47 (പ്ലാൻ) ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 2235-02-102-18 (പ്ലാൻ) ശീർഷകത്തിലേക്ക് ധനപുനർ വിനിയോഗം മുഖേന മാറ്റിയിട്ടുണ്ട്. നിലവിൽ അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളം, കേന്ദ്ര വിഹിതം ഹോണറേറിയം എന്നിവ സ്പാർക്ക് സോഫ്റ്റ് വെയർ മുഖേനയും, മറ്റു ഘടകങ്ങൾ PFMS മുഖേനയുമാണ് വിനിയോഗിച്ചു വരുന്നത്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ cost norms കേന്ദ്ര സർക്കാർ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇ-ജീവിക സോഫ്റ്റ് വെയറിൽ Data entry വരുത്തുമ്പോൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. E-Jeevika Software ലെ പ്രതിമാസ SOE സ്റ്റേറ്റ്മെന്റിൽ ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ ഉൾപ്പെട്ടതും, കേന്ദ്ര സർക്കാർ ഗ്രാന്റ്, അനുവദനീയ ഘടകങ്ങൾക്ക് ചെലവഴിച്ചതുമായ തുക മാത്രം ഉൾപ്പെടുത്തേണ്ടതാണ്.
2. 100% ചെലവ് വിവരങ്ങളാണ് SOE ൽ രേഖപ്പെടുത്തേണ്ടത്.
3. അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയിൽ ഉൾപ്പെടുത്തി ശമ്പളം അനുവദിക്കുന്ന ജില്ലാതല പ്രോഗ്രാം ഓഫീസുകളിലെ തസ്തികകളായ പ്രോഗ്രാം ഓഫീസർ, ജൂനിയർ

സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ, ഐ.സി.ഡി.എസ് പ്രോജക്ടുകളിലെ തസ്തികകളായ ശിശുവികസന പദ്ധതി ഓഫീസർ, സൂപ്പർവൈസർമാർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരൻ/ജീവനക്കാരി (ജൂനിയർ സൂപ്രണ്ട്/ഹെഡ് അക്കൗണ്ടന്റ്/ ക്ലർക്ക്/ സീനിയർ ക്ലർക്ക്/ ടൈപ്പിസ്റ്റ്/ ക്ലർക്ക്-ടൈപ്പിസ്റ്റ് എന്നിവരിൽ ഉയർന്ന ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരൻ/ജീവനക്കാരി) എന്നിവരുടെ ശമ്പളം മാത്രം രേഖപ്പെടുത്തേണ്ടതാണ്.

4. 2022-23 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ 2235-02-102-47 പ്ലാൻ ശീർഷകത്തിൽ നിന്നും മാറിയ തുകയുടെ വിവരവും SOE ൽ രേഖപ്പെടുത്തേണ്ടതാണ്.
5. SOE ൽ അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ Gross salary ആണ് രേഖപ്പെടുത്തേണ്ടത്.
6. ടി പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്, യാത്രാബത്ത, അങ്കണവാടി പ്രവർത്തകരുടെ യാത്രബത്ത എന്നിവ SOE ൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.
7. ജീവനക്കാരുടെയും അങ്കണവാടി പ്രവർത്തകരുടേയും എണ്ണം (Sanctioned, In position) കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്.
8. അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം തുക രേഖപ്പെടുത്തുമ്പോൾ അങ്കണവാടി വർക്കറുടെയും അങ്കണവാടി ഹെൽപ്പറുടേയും ഹോണറേറിയം തുകകൾ തമ്മിൽ മാറി രേഖപ്പെടുത്തിയിട്ടില്ലായെന്നും കൃത്യമായ കോളങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ഉറപ്പ് വരുത്തേണ്ടതാണ്. തെറ്റായ രേഖപ്പെടുത്തലുകൾ ഗുരുതര വീഴ്ചയായി കണക്കാക്കുന്നതാണ്.
9. ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ മറ്റ് ഘടകങ്ങൾക്ക് അനുവദിക്കുന്ന തുക ചെലവഴിക്കുമ്പോൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. (ഉദാ. പ്രീ സ്കൂൾ കിറ്റ്, അങ്കണവാടി കണ്ടിജൻസി, (Administrative Expenses), മെഡിസിൻകിറ്റ്, അങ്കണവാടി വർക്കർ/ഹെൽപ്പർ യൂണിഫോം, അങ്കണവാടി കെട്ടിട വാടക, പ്രോഗ്രാം ഓഫീസുകളിലേയും, ഐ.സി.ഡി.എസ് പ്രോജക്ടുകളിലേയും കരാർ വാഹന വാടക, സ്വന്തം വാഹനമുള്ള പ്രോഗ്രാം ഓഫീസുകളിലേയും, ഐ.സി.ഡി.എസ് പ്രോജക്ടുകളിലേയും POL charges, Furniture/Equipments )
10. എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി ഓഫീസ് തലത്തിൽ എൻട്രി വരുത്തേണ്ടതും CDPO മാർ പരിശോധിച്ച് അപാകത ഇല്ല എന്നുറപ്പാക്കി പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതുമാണ്.

11. ഇ-ജീവിക സോഫ്റ്റ് വെയറിൽ പ്രോഗ്രാം ഓഫീസർമാർമാർ അവർക്ക് അനുവദിച്ചിട്ടുള്ള Login Id യിൽ Status Updates menu-വിൽ ഓരോ പ്രോഗ്രാം ഓഫീസിന്റെയും പരിധിയിലുള്ള എല്ലാ ICDS പ്രോജക്ടുകളുടെയും പ്രതിമാസ SOE പരിശോധിക്കേണ്ടതും 2022 ഏപ്രിൽ മാസം മുതലുള്ള SOE അപ്രൂവ് ചെയ്യേണ്ടതുമാണ്.
12. ഐ.സി.ഡി.എസ് തലത്തിൽ തയ്യാറാക്കുന്ന SOE ൽ ഉൾപ്പെടുത്തുന്ന ഘടകങ്ങളുടെ വിശദാംശം (ഘടകങ്ങൾ, തുക, തുക മാറിയ തീയതി) പ്രതിമാസം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ തന്നെയാണ് SOE ൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ശിശുവികസന പദ്ധതി ഓഫീസർ ഉറപ്പ വരുത്തേണ്ടതുമാണ്.
13. കേന്ദ്ര സർക്കാരിന് Statement of Expenditure സമർപ്പിക്കുന്നത് പ്രകാരമാണ് ഐ.സി.ഡി.എസ് ജനറൽ പദ്ധതിയ്ക്ക് കേന്ദ്ര ഫണ്ട് ലഭ്യമാകുന്നത്. SOE സമർപ്പിക്കുന്നതിലുണ്ടാകുന്ന അപാകത മൂലം കേന്ദ്ര ഫണ്ടിൽ കുറവ് വരുന്ന പക്ഷം, ടി കുറവ് SOE സമർപ്പിക്കുന്ന മേലുദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്
14. SOE സമർപ്പിക്കുന്നതിൽ കൃത്യത, സമയ പരിധി എന്നിവ പാലിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

2022-23 സാമ്പത്തിക വർഷം ഏപ്രിൽ മാസം മുതൽ ഒക്ടോബർ വരെ data entry നടത്തിയിട്ടുള്ളതിൽ തിരുത്തലുകൾ ആവശ്യമാണെങ്കിൽ 22/11/2022, 3 p.m വരെ ഭേദഗതികൾ വരുത്തി SOE പുതുക്കി സമർപ്പിക്കാവുന്നതാണ്.

for വനിതശിശുവികസന ഡയറക്ടർ

പകർപ്പ്

1.എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2.എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3.എല്ലാ ശിശുവികസന പദ്ധതി ഓഫീസമാർക്കും
4.സ്റ്റോക്ക് ഫയൽ/സ്പെയർ